സ്വാമി ശരണം

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1192-ലെ മണ്ഡലം-മകരവിളക്ക് മേടവിഷു എന്നീ ഉത്സവങ്ങളോടനുബന്ധിച്ച് ശബരമല, പമ്പ, നിലയ്ക്കൽ എന്നി ദേവസ്വങ്ങളിലെ അന്നദാനം നടത്തിപ്പിനാവശ്യമായ പലചരക്ക്, പച്ചക്കറി എന്നിവ സപ്ലൈ ചെയ്യുന്നതിനുള്ള ടെൻഡർ സംബന്ധിച്ച നിബന്ധനകൾ.

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1192 -ലെ മണ്ഡലം-മകരവിളക്ക്, മേടവിഷു മാസപൂജ അടിയന്തിരങ്ങളോടനുബന്ധിച്ച് ഈ പരസ്യത്തിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ടെൻഡറുകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1. ശബരിമല,പമ്പ,നിലയ്ക്കൽ എന്നിവിടങ്ങളിലേയ്ക്ക് ആവശ്യമായ പലചരക്ക്,പച്ചക്കറി എന്നിവയുടെ അളവ് പ്രത്യേക ലിസ്റ്റായി ഇതോടൊപ്പം ചേർക്കുന്നു. ആയതിൽ കിലോ ഗ്രാം ഒന്നിന് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട ക്രമമാണ് തുക ക്വാട്ട് ചെയ്യേണ്ടത്.
2. ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റും അവയുടെ അളവ് / തൂക്കം/ എണ്ണം എന്നിവ പ്രത്യേകം ലിസ്റ്റായി ഈ പരസ്യത്തിനോടൊപ്പം ചേർത്തിട്ടുണ്ട്. അതിൽ പറയുന്ന ഏതെങ്കിലും ഇനം സപ്ലൈ ചെയ്യാതിരിക്കാനോ അളവ് /എണ്ണം കുറയ്ക്കുന്നതിനോ ആവശ്യമായി വന്നാൽ കൂടുതൽ സപ്ലൈ ചെയ്യുന്നതിനോ നിർദ്ദേശിക്കുന്നതിന് ദേവസ്വം ബോർഡിന് അവകാശം ഉണ്ടായിരിക്കുന്നതും അതനുസരിക്കുന്നതിന് കോൺട്രാക്ടർ/ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനുമാണ്. സാധനങ്ങൾ എല്ലാം ഒന്നാംതരത്തിലുള്ളവ ആയിരിക്കണം. ഒന്നാംതരത്തിലുള്ളതല്ലാത്ത സാധനങ്ങൾ കോൺട്രാക്ടർ /ടെൻഡറുകാരൻ ഹാജരാക്കുകയും ഒഴിച്ചു കൂടാൻ പറ്റാത്ത പരിതസ്ഥിതിയിൽ അവ സ്വീകരിക്കേണ്ടതായി വരികയും ചെയ്താൽ അപ്രകാരം ഹാജരാക്കുന്ന സാധനങ്ങൾക്ക് ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന റേറ്റ് അനുസരിച്ചുള്ള വില സ്വീകരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും അതിന്മേൽ ടിയാന് പരാതിപ്പെടാൻ അർഹതയില്ലാത്തതുമാണ്. കുത്തക മുടക്കം വരുത്തിയാൽ വേറെ ആൾ ഏർപ്പെടുത്തിയോ, കൈവിലയ്ക്ക് വാങ്ങിയോ സാധനങ്ങൾ സംഭരിക്കുന്നതും അതിൽ വച്ച് ദേവസ്വം ബോർഡിനുണ്ടാകുന്ന നഷ്ടം

കുത്തക/ടെൻഡറുകാരിൽ നിന്നും ഈടാക്കുന്നതും ലാഭമുണ്ടായാൽ അതിനവ കാശമില്ലാത്തതുമാകുന്നു.

3. മുദ്രവച്ച ടെൻഡറുകൾ 13-10-2016 രാവിലെ 11.00 .മണിയ്ക്ക് മുമ്പായി ദേവസ്വം കമ്മീഷണർ തിരുവിതാംകൂർ ദേവസ്വം ബോർഡ് നന്തൻകോട്, തിരുവനന്തപുരം-695-003 എന്ന വിലാസത്തിൽ ലഭിക്കത്തക്കവണ്ണം ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെൻഡറുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെൻഡറുകൾ അടക്കം ചെയ്യുന്ന കവറിന്റെ പുറത്ത് ഏത് ഐറ്റത്തിനുള്ള ടെൻഡർ എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
4. ടെൻഡറിനൊപ്പം 1,00,000/- രൂപ (ഒരു ലക്ഷം) നിരതദ്രവ്യം ക്യാഷായോ ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ പേരിൽ മാറത്തക്കവണ്ണമുള്ള ഡിമാന്റ് ഡ്രാഫ്റ്റായോ/ക്രോസ്സ് ചെയ്ത് അടക്കം ചെയ്തിരിക്കണം.
5. ടെൻഡർ 13.10.2016-ാംതീയതി ഉച്ചയ്ക്ക് 3.00 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് പൊട്ടിച്ച് പരിശോധിക്കുന്നതാണ്.
6. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
7. ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെ ഉള്ളതായിരിക്കും.
8. ടെൻഡർ നിരക്കുകൾ കൊല്ലവർഷം 1192-ലെ ഉത്സവങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.
9. ഏതെങ്കിലും ഐറ്റത്തിന് പരസ്യത്തിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവ് ആവശ്യമാണെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതിനനുസരിച്ച് ടെൻഡർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനാണ്.
10. ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ശബരിമല എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടി വച്ച് ഐറ്റങ്ങൾ സപ്ലൈ ചെയ്യേണ്ടതാണ്. അറിയിപ്പ് ഏഴ് ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന്

വീഴ്ച വരുത്തിയ ടെൻഡറുകാരൻ പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതുമാണ്.

11. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ ആവശ്യപ്പെട്ടിരിക്കുന്ന സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനും അടിയന്തിരത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി മറ്റ് വിധത്തിൽ നടപടി സ്വീകരിക്കുന്നതിനും തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.
12. ടെൻഡർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
13. കുത്തകക്കാർക്ക് /ടെൻഡർകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ് കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.
14. കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ തിരുവനന്തപുരം കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.
15. ആവശ്യമായ പലചരക്ക്, പച്ചക്കറി എന്നിവ ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ദേവസ്വം സ്റ്റോറിൽ എത്തിക്കേണ്ടതാണ്.
16. പലചരക്ക് സാധനങ്ങളുടെ ഗുണനിലവാരം ആവശ്യമാണെന്ന് കാണുന്ന പക്ഷം പമ്പയിൽ പ്രവർത്തിക്കുന്ന ഫുഡ് സേഫ്റ്റി ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(ഒപ്പ്)

ആർ.ഒ.സി. 61/16/ശബ

ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
തിരുവനന്തപുരം- 695003

30.09.2016

ശബരിമല പമ്പ നിലയ്ക്കൽ- എന്നീ ദേവസ്വങ്ങളിലെ അന്നദാനം നടത്തിപ്പിനാവശ്യമായ സാധനങ്ങളുടെ സ്റ്റേറ്റ്മെന്റ്

| നമ്പർ | ഇനം | ഏകമാനം | കിലോഗ്രാം | നിരക്ക് |
|---|---|---|---|---|
| 1. | വെള്ള അരി | കി.ഗ്രാം | 159500 | |
| 2 | അരി (റോസ്) | കി.ഗ്രാം | 42970 | |
| 3 | ഉഴുന്ന് | കി.ഗ്രാം | 7436 | |
| 4 | കടല | കി.ഗ്രാം | 36890 | |
| 5 | പഞ്ചസാര | കി.ഗ്രാം | 200 | |
| 6 | വെളിച്ചെണ്ണ | ലിറ്റർ | 14345 | |
| 7 | നല്ലെണ്ണ | കി.ഗ്രാം | 1230 | |
| 8 | ചെറുപയർപരിപ്പ് | കി.ഗ്രാം | 10500 | |
| 9 | കടുക് - | കി.ഗ്രാം | 435 | |
| 10 | പെരും ജീരകം 35 കി | കി.ഗ്രാം | 470 | |
| 11 | ചെറുപയർ | കി.ഗ്രാം | 19420 | |
| 12 | വൻപയർ | കി.ഗ്രാം | 6400 | |
| 13 | തുവരപ്പരിപ്പ് | കി.ഗ്രാം | 11220 | |
| 14 | കായംകട്ട | കി.ഗ്രാം | 540 | |
| 15 | കായംപൊടി - | കി.ഗ്രാം | 65 | |
| 16 | മുളക്പൊടി | കി.ഗ്രാം | 2675 | |
| 17 | മല്ലിപ്പൊടി- | കി.ഗ്രാം | 1705 | |
| 18 | ഉലുവ | കി.ഗ്രാം | 208 | |
| 19 | ജീരകം - | കി.ഗ്രാം | 470 | |

| | | | | |
|---|---|---|---|---|
| 20 | വെളുത്തുള്ളി | കി.ഗ്രാം | 345 | |
| 21 | സാമ്പാർപൊടി - | കി.ഗ്രാം | 620 | |
| 22 | രസപ്പൊടി - | കി.ഗ്രാം | 250 | |
| 23 | ഉപ്പ് | കി.ഗ്രാം | 3410 | |
| 24 | റവ | കി.ഗ്രാം | 95050 | |
| 25 | പുളി | കി.ഗ്രാം | 660 | |
| 26 | ദാഹശമിനി | കി.ഗ്രാം | 700 | |
| 27 | വറ്റൽമുളക് | കി.ഗ്രാം | 350 | |
| 28 | മഞ്ഞപ്പൊടി - | കി.ഗ്രാം | 480 | |

<u>പച്ചക്കറി</u>

| നമ്പർ | ഇനം | ഏകമാനം | അളവ് | നിരക്ക് |
|---|---|---|---|---|
| 1. | ഉള്ളി | കി.ഗ്രാം | 250 | |
| 2 | ബീൻസ് | കി.ഗ്രാം | 5370 | |
| 3 | ഇഞ്ചി - | കി.ഗ്രാം | 500 | |
| 4 | നാരങ്ങ | കി.ഗ്രാം | 500 | |
| 5 | മാങ്ങ | കി.ഗ്രാം | 500 | |
| 6 | മുരിങ്ങക്കായ് - | കി.ഗ്രാം | 470 | |
| 7 | പച്ചക്കായ് | കി.ഗ്രാം | 1400 | |
| 8 | കറിവേപ്പില - | കി.ഗ്രാം | 1940 | |
| 9 | മുളക് - | കി.ഗ്രാം | 4000 | |
| 10 | സബോള - | കി.ഗ്രാം | 19800 | |

| | | | | |
|---|---|---|---|---|
| 11 | കാബേജ് - | കി.ഗ്രാം | 16190 | |
| 12 | തക്കാളി - | കി.ഗ്രാം | 4410 | |
| 13 | അമര | കി.ഗ്രാം | 740 | |
| 14 | വെണ്ട - | കി.ഗ്രാം | 3660 | |
| 15 | വഴുതന - | കി.ഗ്രാം | 6700 | |
| 16 | ബീറ്റ് റൂട്ട് - | കി.ഗ്രാം | 425 | |
| 17 | ക്യാരറ്റ് - | കി.ഗ്രാം | 9180 | |
| 18 | പടവലം- | കി.ഗ്രാം | 5500 | |
| 19 | മത്തൻ - | കി.ഗ്രാം | 14440 | |
| 20 | ചേന - | കി.ഗ്രാം | 8622 | |
| 21 | ചേമ്പ് - | കി.ഗ്രാം | 2400 | |
| 22 | മല്ലിയില | കി.ഗ്രാം | 900 | |